# Mathrubhumi

# 22 August 2018

# Thiruvananthapuram, After Flood, Rebuild Kerala



# പണം തേടി കേരളം

- എസ്.ജി.എസ്.ടി.ക്ക് പുറമെ 10 ശതമാനം സെസ് ചുമത്താൻ കേന്ദ്രാനുമതി തേടും
- വായ്പാ പരിധി ഉയർത്തി 10,500 കോടി അധികം കടമെടുക്കാനും ആലോചന

**തിരുവനന്തപുരം** ▸ ദുരിതംവിതച്ച നാളുകൾക്കുശേഷം ഉയിർത്തെഴുന്നേൽപ്പിന്റെ പാതയിലാണ് കേരളം. മഴ ഒഴിഞ്ഞതോടെ കുമരകം, വൈക്കം, കുട്ടനാട്, അപ്പർ കുട്ടനാട് തുടങ്ങിയ പ്രദേശങ്ങളിലൊഴികെ പ്രളയജലം പതുക്കെ പിൻവാങ്ങിത്തുടങ്ങി. തകർന്ന പട്ടണങ്ങൾ പതുക്കെ സാധാരണനിലയിലേക്ക് വരുന്നു. പ്രളയം ദുരിതംവിതച്ച ജില്ലകളിലെ ക്യാമ്പുകളിൽ നിന്ന് ജനങ്ങൾ വീടുകളിലേക്ക് മടങ്ങിത്തുടങ്ങി.

സർക്കാർ കണക്കാക്കിയ ഇരുപതിനായിരത്തിലേറെ കോടി രൂപയുടെ മൊത്തം നഷ്ടം നേരിടാൻ ആവശ്യമായ പണം കണ്ടെത്താൻ സർക്കാർ ശ്രമം തുടങ്ങി. ഇതിനായി കേന്ദ്രത്തിൽനിന്ന് കൂടുതൽ ഇളവുകൾ തേടുകയാണ് കേരളം.

സംസ്ഥാന ചരക്ക്-സേവന നികുതിക്കുപുറമേ, (എസ്.ജി.എസ്.ടി.) 10 ശതമാനം സെസ് കൂടി ചുമത്താൻ കേരളം കേന്ദ്രത്തിന്റെ അനുമതി തേടും. സംസ്ഥാനത്തിന്റെ വായ്പപരിധി ഉയർത്തി 10,500 കോടി രൂപകൂടി അധികമായി കടമെടുക്കാനും ആലോചനയുണ്ട്. സംസ്ഥാനത്തിന്റെ പുനരുദ്ധാരണത്തിന് ബൃഹത്തായ പദ്ധതി തയാറാക്കി കേന്ദ്ര പദ്ധതി നടപ്പാക്കണമെന്ന് നബാർഡിനോട് ആവശ്യപ്പെടും. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേരളത്തിന് പ്രത്യേക പാക്കേജ് വേണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

വീണ്ടെടുക്കും നാടിനെ

## ആവശ്യങ്ങൾ ഇങ്ങനെ

**■ ജി.എസ്.ടി. സെസ് 10 ശതമാനം**

പ്രളയക്കെടുതിയിലായ കേരളത്തെ പുനർനിർമിക്കാനുള്ള വിഭവം കണ്ടെത്തുന്നതിനായാണ് സംസ്ഥാന ചരക്ക്-സേവന നികുതിക്കുപുറമേ സെസ് ഏർപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെടുന്നത്. കേന്ദ്രമന്ത്രി പീയൂഷ് ഗോയലിന് തിങ്കളാഴ്ചതന്നെ സംസ്ഥാനം കത്തയച്ചു. കേന്ദ്രാനുമതി കിട്ടിയാൽ ഏതൊക്കെ സാധനങ്ങൾക്കാണ് സെസ് ഈടാക്കുകയെന്ന് തീരുമാനിക്കും.

**■ കടമെടുപ്പ് പരിധി ഉയർത്തണം**

സംസ്ഥാനത്തിന് കമ്പോളത്തിൽ നിന്ന് വായ്പയെടുക്കാനുള്ള പരിധി ഇപ്പോൾ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (എസ്.ജി.ഡി.പി.) മൂന്നുശതമാനമാണ്. ഇത് നാലര ശതമാനമാക്കണമെന്നാണ് മറ്റൊരാവശ്യം. അത് അനുവദിക്കപ്പെട്ടാൽ 10,500 കോടി രൂപ അധികം